കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ-ടി.എസ്.ആർ.(പി.1)1697/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ-680 020.

ഫോൺ നമ്പർ -0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 27.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം – വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

................

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-4, ഭാഗം 3 ലെ 3-4 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-ടി.എസ്.ആർ.(പി.1)1697/2017 തിയ്യതി 27.11.2017

## തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 12.11.16 മുതൽ 24.10.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 31.3.17 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.10.2017 മുതൽ 31.10.2017വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.അൻവർ അലി.എ. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ബിത. ടി.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ശിവദാസൻ എ.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സോന.കെ.സത്യൻ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | പ്രസന്ന അനിൽകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | എം.പി. സന്തോഷ് കുമാർ | 01.04.2016 മുതൽ 29.12.2016 വരെ |
| | എം.ബി. ഷീല (അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ്) | 30.12. 2016 മുതൽ 04.01.2017 വരെ |
| | കെ.സി പ്രേമലത (അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ്) | 05.01.2017 മുതൽ 06.01.2017 വരെ |
| | സുധാകരൻ. സി. | 07.01.2017 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| അബ്ദുൾജലീൽ | അസിസ്റ്റൻറ് സെക്രട്ടറി | 01.04.2016 മുതൽ 25.08.2016 വരെ |
| എം.ബി.ഷീല | | 26.08.2016 മുതൽ 05.01.2017 വരെ |

| | | |
|---|---|---|
| കെ.സി.പ്രേമലത | | 05.01.2017 മുതൽ 31.03.2017 വരെ |
| ലളിത.കെ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.2016 മുതൽ 31.03.2017 വരെ |
| നിഷ.സി. | ഡയറി ഫാം ഇൻസ്ട്രക്ടർ , വെള്ളാങ്ങല്ലൂർ | 01.04.2016 മുതൽ 31.03.2017 വരെ |
| റിങ്കു.പി. | കൃഷി ഓഫീസർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ.എച്ച്.ബാലസുബ്രഹ്മണ്യൻ | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2016 മുതൽ 31.03.2017 വരെ |
| ലീല. ഇ. | അസിസ്റ്റൻറ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01.04.2016 മുതൽ 07.07.2016 വരെ |
| സിമി സെബാസ്റ്റ്യൻ, | | 08.07.2016 മുതൽ 31.03.2017 വരെ |
| ഡോ.അജിത്ത് തോമസ് കണ്ണമ്പുഴ | മെഡിക്കൽ ഓഫീസർ (ഇൻചാർജ്ജ്) പി.എച്ച്.സി., വെള്ളാങ്ങല്ലൂർ | 01.04.2016 മുതൽ 31.03.2017വരെ |
| വൃന്ദ. പി. | ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്. കോണത്തുകുന്ന് | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ. പ്രീതി ദേവദാസ് | സീനിയർ മെഡിക്കൽ ഓഫീസർ ആയുർവ്വേദ ഡിസ്പെൻസറി, വെള്ളാങ്ങല്ലൂർ. | 01.04.2016 മുതൽ 31.03.2017 വരെ |
| അനൂപ്. സി. | വി.ഇ.ഒ (വള്ളിവട്ടം, വടക്കുംകര) | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീദേവി.കെ.എ. | വി.ഇ.ഒ. (തെക്കുംകര) | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ. വി.ബി. അജിതൻ | സീനിയർ വെറ്ററിനറി സർജൻ, വെള്ളാങ്ങല്ലൂർ | 01.04.2016 മുതൽ 31.03.2017 വരെ |

| ക്രമ നമ്പർ | ഖണ്ഡിക | ഖണ്ഡിക നം. |
|---|---|---|

| | | |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം – 2 | |
| 12 | തുക അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. | 2-1 |
| 13 | ഡി.ആന്റ്.ഒ. ലൈസൻസ് ഫീ – വിറ്റുവരവിന് ആനുപാതികമായി തുക ഈടാക്കിയില്ല | 2-2 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-3 |
| 15 | അനധികൃത കെട്ടിടത്തിന് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് | 2-4 |
| 16 | കെട്ടിടനിർമ്മാണാനുമതി -അപാകതകൾ | 2-5 |
| 17 | ഫയർ ആന്റ്.റസ്ക്യൂ സർവ്വീസിൽ നിന്നുള്ള അന്തിമനിരാക്ഷേപ പത്രം ഹാജരാക്കിയില്ല | 2-6 |
| 18 | കോസ്റ്റൽ റഗുലേഷൻ സോണിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമായില്ല | 2-7 |
| | ഭാഗം – 3 | |
| 19 | എച്ച്.എം.ജി.യു.പി.എസ്., കോണത്തുകുന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ്.സി. വിദ്യാത്ഥികൾക്ക് സൈക്കിൾ പദ്ധതി– 7508 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-1 |
| 20 | എസ്.സി വിദ്യാത്ഥികൾക്ക് മേശ, കസേര - അഞ്ച് സെറ്റ് വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നു. | 3-2 |
| 21 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശ, കസേര നൽകിയത് - മത്സ്യത്തൊഴിലാളികളുടെ മക്കളാണെന്നുള്ളതിന് ഒരു രേഖയും | 3-3 |

| | | |
|---|---|---|
| | ഹാജരാക്കിയിട്ടില്ല. | |
| 22 | അംഗൻവാടികൾക്ക് ഫർണീച്ചറും, കളിപ്പാട്ടങ്ങളും വാങ്ങി നൽകൽ – കരാർ പാലിക്കാത്ത സ്ഥാപനത്തിന് പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കാതെ മുഴുവൻ തുകയും നൽകി - പഞ്ചായത്തിന് 29040 രൂപ നഷ്ടം. | 3-4 |
| 23 | അനുപൂരക പോഷകാഹാര പദ്ധതിയിൽ സ്റ്റോക്കിലെടുക്കാത്ത 115 കിലോ വെളിച്ചെണ്ണയുടെ വില നൽകി - 13079 രൂപയുടെ നഷ്ടം. | 3-5 |
| 24 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് – അധിക തുക നൽകി | 3-6 |
| 25 | ഫെസ്റ്റിവെൽ അലവൻസ് ക്രമീകരിച്ചിട്ടില്ല | 3-7 |
| 26 | തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണം- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല - ചെലവുനടപടി തടസ്സപ്പെടുത്തുന്നു. | 3-8 |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. | 3-9 |
| 28 | പോത്തുകുട്ടികളുടെ വില കൈമാറിയത് രണ്ടു പേർക്ക് – ചെലവിൽ അവ്യക്തത - 10086 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-10 |
| 29 | റോഡ് ആസ്തി രജിസ്റ്റർ ആധികാരികമല്ല | 3-11 |
| 30 | റോഡ് മെയിന്റനൻസ് ഗ്രാന്റ് - ഭൂവിസ്തൃതിക്കും റോഡ് സാന്ദ്രതയ്ക്കും ആനുപാതികമല്ല | 3-12 |
| 31 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-13 |
| 32 | മരാമത്ത് പ്രവൃത്തികളിലെ ആലസ്യം ഒഴിവാക്കേണ്ടതാണ്. | 3-14 |
| 33 | പട്ടികജാതിക്കാർക്ക് വിദേശത്തു പോകാൻ ധനസഹായം -തൊഴിൽ വിസയുടെ സാധുത ഉറപ്പു വരുത്തേണ്ടതാണ്. | 3-15 |
| 34 | സ്ട്രീറ്റ് ലൈറ്റ്, വാട്ടർ ചാർജ്ജ് അടവാക്കൽ - സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-16 |
| 35 | ജലനിധി പദ്ധതി - അവലോകനം | 3-17 |
| | ഭാഗം – 4 | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 01.03.2016 | |
| കമ്മിറ്റി തീരുമാനം | 1-ാം നമ്പർ തീരുമാനം | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 223562681 | 223274681 |

റിവൈസ്ഡ് ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 25.03.2017 | |
| കമ്മിറ്റി തീരുമാനം | 1-ാം നമ്പർ തീരുമാനം | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 141761565 | 141141273 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 20.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച ആകെ തുക 240717/- രൂപയാണ്. ഇതിൽ 121500/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

2) ലഭ്യമായ രേഖകൾ പ്രകാരം 1559605 രൂപയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ കെ.എസ്.ഇ.ബി. ചെയ്തുതീർക്കേണ്ടതുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ (B18) 959228 രൂപയുടെ വിവരങ്ങളേ ചേർത്തിട്ടുള്ളൂ.

2016-17ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രിക, റസീപ്റ്റ് & പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹14876924 |
| വരവ് | ₹81338865 |
| ആകെ | ₹96215789 |
| ചെലവ് | ₹73483934 |
| നീക്കിയിരിപ്പ് | ₹22731855 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 15087050 | 14768708 | 318342 | 97.89 |
| എസ്.സി.പി. | 7728051 | 7331013 | 397038 | 94.86 |
| ടി.എസ്.പി. | 10086 | 10086 | 0 | 100 |
| 13TH ധനകാര്യ കമ്മീഷൻ | 8460912 | 7593587 | 867325 | 89.75 |
| ലോകബാങ്ക് സഹായം | 5086915 | 2254539 | 2832376 | 44.32 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 2860884 | 1259197 | 1601687 | 44.01 |
| നോൺറോഡ് | 4099719 | 2041720 | 2057999 | 49.80 |

## 1-6 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 112 | 66927026 | 75 | 40792141 | 0 | 37 | 66.96 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 51.57% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷത്തെ വരവ് | തൻവർഷത്തെ വരവ് | വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ(+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 4967871 | 6702121 | 1734250 | 34.9 |
| നികുതിയേതര വരവുകൾ | 1699828 | 1722353 | 22525 | 1.3 |
| മറ്റുവരവുകൾ | 11353504 | 303590 | -11049914 | -97.33 |
| ആകെ | 18021203 | 8728064 | -9293139 | -51.57 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2017 തിയ്യതിയിൽ 4.30pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34344 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 197640 | 127 |
| കർഷകതൊഴിലാളി പെൻഷൻ | 6150410 | 709 |
| വിധവാ പെൻഷൻ | 17717700 | 1560 |
| വാർദ്ധക്യകാല പെൻഷൻ | 19727100 | 2249 |
| വികലാംഗപെൻഷൻ | 4056635 | 458 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 555870 | 58 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 600000 | 20 |

# 1-10 ആഭ്യന്തരനിയന്ത്രണം.

ഓഫീസ് സൗകര്യങ്ങൾ അപര്യാപ്തമാണ്. പഞ്ചായത്തിനോട് ചേർന്നുള്ള ചെറിയൊരു ഹാളിലാണ് പഞ്ചായത്തിന്റെ പ്രവർത്തനം. പുതിയ പഞ്ചായത്ത് കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഓഫീസ് സൗകര്യങ്ങൾ സജ്ജീകരിക്കാത്തതിനാൽ പുതിയ കെട്ടിടത്തിലേക്ക് മാറുവാൻ പഞ്ചായത്തിനായിട്ടില്ല. സത്വര നടപടികൾ സ്വീകരിച്ച് പുതിയ കെട്ടിടം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 21.08.2017-23.08.2017 | ജൂലൈ 2017 | 2017 ഫെബ്രുവരി – റിപ്പോർട്ട് ലഭിച്ചത് 18.09.2017 |
| അക്കൗണ്ടന്റ് ജനറൽ | 11.09.2002-30.09.2002 | 01.04.1997-31.03.2002 | Spl.cell HQ 1/1A/BA-358/542 dt.19.02.2003 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തുക അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ നിന്നും വെള്ളാങ്ങല്ലൂർ പി.എച്ച്.സി ക്ക് അനുവദിച്ച രസീതി ബുക്ക് നമ്പർ 6435 ൽ 1 മുതൽ 32 വരെയുള്ള രസീതികളിലായി 13200/- രൂപയുടെ വരവുണ്ട്. ടി തുക പഞ്ചായത്തിലേക്ക് അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-2 ഡി.ആന്റ്.ഒ. ലൈസൻസ് ഫീ - വിറ്റുവരവിന് ആനുപാതികമായി ഫീ ഈടാക്കിയില്ല

ട്രിനിറ്റി ഇന്ത്യൻ സർവ്വീസ് എന്ന ഗ്യാസ് ഏജൻസീസ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിവസേനെയുള്ള വിറ്റു വരവ് 100000/- രൂപയാണ്. കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം ഇതിന് ആനുപാതികമായി ഈടാക്കേണ്ട ലൈസൻസ് ഫീ 2000/- രൂപ ആണ്. ആയതിനു പകരം 300 രൂപയേ ഈടാക്കിയിട്ടുള്ളൂ.

കുറവ് തുക (1700 രൂപ) ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-3 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

2016-17 വർഷത്തെ ഡി ആന്റ് ഒ അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിച്ചതായി കാണുന്നില്ല. ഇത്തരം സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡി.ആന്റ്.ഒ. ലൈസൻസ് നമ്പർ | സ്ഥാപനത്തിന്റെ പേര് | ഡി.ആന്റ്.ഒ. അപേക്ഷയിൽ കാണിച്ച തൊഴിലാളികളുടെ എണ്ണം. |
|---|---|---|---|
| 1 | 117/16-17 | തൈക്കാട്ട് മൂസ് ഔഷധശാല | 38 |
| 2 | 195/16-17 | ഹൈ-ടെക് പോളിമേഴ്സ് | 5 |
| 3 | 268/16-17 | സെന്റ്.ആന്റണീസ് ടിമ്പർ | 5 |
| 4 | 275/16-17 | വീനസ് ഹോട്ടൽ | 5 |
| 5 | 306/16-17 | റോയൽ എന്റർപ്രൈസസ്സ് | 6 |
| 6 | 311/16-17 | പിയർലെസ് റബ്ബർ മോൾഡേഴ്സ് | 9 |
| 7 | 312/16-17 | പിയർലെസ് പോളിമർ പ്രോഡക്ട്സ് | 9 |
| 8 | 386/16-17 | ജെ.ജെ പ്ലാസ്റ്റിക്സ് | 5 |
| 9 | 485/16-17 | കൃഷ്ണ ഫ്യൂവൽസ് | 5 |
| 10 | 597/16-17 | ഹന പോളിമേഴ്സ് | 9 |

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 14 പ്രകാരം ഈ സ്ഥാപന തൊഴിലുടമയോടോ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയോ കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 16 പ്രകാരം നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതും ചട്ടപ്രകാരം നടപടി സ്വീകരിക്കാവുന്നതുമാണ്.

## 2-4 അനധികൃത കെട്ടിടത്തിന് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്

ഗ്രാമപഞ്ചായത്ത് 11-ാം വാർഡിൽ 179.16 $m^2$ ൽ പണികഴിച്ച വാസഗൃഹത്തിന് നമ്പറും ഓണർഷിപ്പ് സർട്ടിഫിക്കറ്റും അനുവദിക്കണമെന്നാവശ്യപ്പെട്ട് കെട്ടിട ഉടമ ഫാത്തിമ സിദ്ധിഖ്, ഓളിപറമ്പിൽ അപേക്ഷ സമർപ്പിച്ചു. ടി വിഷയത്തിൽ നിലം നികത്ത് കമ്മിറ്റി പരിശോധന നടത്തി

അനുവദിക്കാവുന്നതാണ് എന്ന ശുപാർശയോടെ ബഹു. ജില്ലാ കളക്ടറുടെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന് മറുപടി ലഭ്യമായിട്ടില്ല.

16.11.16 ലെ 170/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 1500 sqt വരെയുള്ള വാസഗൃഹങ്ങൾക്ക് UA നമ്പർ നൽകി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകാവുന്നതാണെങ്കിലും ടി വാസഗൃഹം 1500 sqt ന് മുകളിലായതിനാൽ ഇപ്രകാരം നമ്പർ നൽകാവുന്നതല്ലായെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ അനുമതിയില്ലാത്ത ഈ അനധികൃത നിർമ്മാണത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 AA പ്രകാരം UA നമ്പർ നൽകി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിച്ചു. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 AA (5) പ്രകാരം UA നമ്പർ നൽകിയിരിക്കുന്ന കെട്ടിടങ്ങൾക്ക് ലൈസൻസോ, അനുമതിയോ ചെയ്യാൻ വ്യവസ്ഥയില്ല. ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കാതേയും പഞ്ചായത്ത് രാജ് ആക്ടിന് വിരുദ്ധമായും കെട്ടിട നമ്പർ നൽകിയ സെക്രട്ടറിയുടെ നടപടി ക്രമപ്രകാരമല്ല. ചട്ടങ്ങളും നിയമങ്ങളും പാലിക്കപ്പെടേണ്ടതാണ്.

## 2-5 കെട്ടിടനിർമ്മാണാനുമതി -അപാകതകൾ

വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് VI -ാം വാർഡിൽ തെക്കുംകര വില്ലേജ് 322/1 സർവ്വെ നമ്പറിൽ 864.34 $m^2$ കോണത്തക്കുന്ന് മഹല്ല് ജമാ അത്ത് കെട്ടിടം പണിയുന്നതിന് A5.17/4392/ 16/27.6.16 നമ്പറായി സെക്രട്ടറി നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ അംഗീകരിച്ചിട്ടുള്ള പ്ലാനിന്റെ വിശദാംശങ്ങൾ താഴെപറയും പ്രകാരമാണ്.

പ്ലിന്ത് ഏരിയ

Ground Floor -285.58 $m^2$

First Floor - 280.30 $m^2$

Second Floor – 280.30 $m^2$

Stair Room -18.16$m^2$

ആകെ -864.34 $m^2$

ഫ്ലോർ ഏരിയ

Ground Floor -274.42$m^2$

First Floor - 269.14 $m^2$

Second Floor – 269.14$m^2$

Stair Room -18.16$m^2$

ആകെ -830.86 $m^2$

Plot Area-19.49 cent (788.71 $m^2$)

FAR-1.05

Coverage-34.97%

ഫയൽ പരിശോധയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1.ഫയൽ പരിശോധനയിൽ പ്രസ്തുത കെട്ടിടം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടമായി കാണുന്നു. എന്നാൽ കെട്ടിടപെർമിറ്റ് നൽകിയിരിക്കുന്നത് Group F കെട്ടിടആവശ്യത്തിനാണ്.

2. പ്ലാനിൽ ഗ്രൗണ്ട് ഫ്ലോർ ഓഫീസ് ഹാൾ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ' ഓഫീസ് ഹാൾ' എന്നത് ഏത് ഉപയോഗക്രമത്തിൽ ഉൾപ്പെടും എന്നത് വ്യക്തമാക്കേണ്ടതാണ്.

3.പ്ലാനിൽ കവറേജ് കണക്കാക്കിയതിൽ വ്യത്യാസം കാണുന്നു.

$$\text{Coverage} = \frac{\text{Max. built up area at any floor x 100\%}}{\text{Plot Area}}$$

എന്ന് കണക്കാക്കുമ്പോൾ 285.58/788.71x100% = 36.21% എന്നാണ് ആവേണ്ടത്. ഗ്രൂപ്പ് E കെട്ടിടത്തിന് അനുവദനീയമായ കവറേജ് 35 ആണ്. എന്നാൽ പെർമിറ്റ് നൽകിയിരിക്കുന്നത് ഗ്രൂപ്പ് F കെട്ടിട ആവശ്യത്തിനാണ്. പ്ലാനിൽ ഗ്രൗണ്ട് ഫ്ലോർ ഓഫീസ് ഹാൾ എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നികുതി ചട്ടങ്ങൾ ചട്ടം 34 (g) പ്രകാരം 300$m^2$ന് താഴെ വിസ്തീർണ്ണമുള്ള ഗ്രൂപ്പ് E കെട്ടിടങ്ങൾക്ക് മാത്രമേ ഗ്രൂപ്പ് F കെട്ടിടമായി കണക്കാക്കാൻ വ്യവസ്ഥയുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/31.10.17ന് മറുപടി ലഭ്യമായിട്ടില്ല.

പെർമിറ്റ് നൽകുമ്പോഴും പ്ലാനുകൾ/വിശദാംശങ്ങൾ അംഗീകരിക്കുമ്പോഴും നിലവിലുള്ള എല്ലാ ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും അവ വിധേയമാണെന്ന് ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയാണ്. ചട്ടങ്ങളും നിയന്ത്രണങ്ങളും ലംഘിച്ചുകൊണ്ടുള്ള ഏതൊരു അംഗീകാരത്തിനും തുടർന്നുള്ള നിർമ്മാണങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായി തീരുമെന്നതിനാൽ ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-6 ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ നിന്നുള്ള അന്തിമനിരാക്ഷേപ പത്രം ഹാജരാക്കിയില്ല

വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് തെക്കുംകര വില്ലേജ് സർവ്വെ നമ്പർ 320/1, 321/1 ഗ്രൂപ്പ് D ഗണത്തിൽപ്പെടുന്ന 1284.84$m^2$ വിസ്തീർണ്ണമുള്ള കൺവെൻഷൻ സെന്റർ പണിയുന്നതിന് A5.37/14 /13-14/12.10.15 നമ്പറായി നിർമ്മാണാനുമതി നൽകിയിരുന്നു. 1391.38$m^2$ ൽ പണിതീർത്ത ഈ കെട്ടിടം റഗുലറൈസ് ചെയ്ത് VI/452D കെട്ടിട നമ്പർ നൽകി. കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ, ഫയർ & റസ്ക്യൂ സർവ്വീസിൽ നിന്നും അന്തിമ നിരാക്ഷേപപത്രം പുതുക്കി 3 മാസത്തിനകം ലഭ്യമാക്കണമെന്നറിയിച്ചുകൊണ്ട് 15.04.17ൽ A5-6/2017 നമ്പറായി ഗ്രാമപഞ്ചായത്ത് സ്ഥാപന ഉടമയ്ക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ നിന്നുള്ള അന്തിമ നിരാക്ഷേപ പത്രം ഹാജരാക്കിയിട്ടില്ല. സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 കോസ്റ്റൽ റഗുലേഷൻ സോണിൽ നിന്നും നിരാക്ഷേപ

## സാക്ഷ്യപത്രം ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിലെ വള്ളിവട്ടം വില്ലേജ് സർവ്വെ നമ്പർ 397/1, 3, 4, 5, 6, 7, 8, 9, 10 366/3,4,5 368/6 ൽ കനോലി കനാലിന് ചേർന്ന 20204 ച.മി വിസ്തീർണ്ണമുള്ള സ്ഥലത്ത് 602.01$m^2$ ആയുർവ്വേദ റിസോർട്ട് പണിയുന്നതിന് നജ്മ അബ്ദുൾ ജബ്ബാർ 25.01.2017 തിയ്യതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം കോസ്റ്റൽ റഗുലേഷൻ സോണിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് A5-821/2017 നമ്പറായി 23.02.2017 ന് സെക്രട്ടറി കത്ത് നൽകി. എന്നാൽ ഈ വിഷയത്തിൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്ന് മറുപടി ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനും പ്രാദേശിക വികസനത്തിനും വഴിയൊരുക്കുന്ന ഈ പദ്ധതിക്ക് അനുമതി നൽകുന്നതിന് പഞ്ചായത്ത് ഭരണസമിതി 19/22.09.17 നമ്പർ തീരുമാനമെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ CRZ പരിധിയിൽ വരുന്ന/CRZ നോട്ടിഫൈ ചെയ്ത സ്ഥലങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരം പഞ്ചായത്തിൽ ലഭ്യമല്ലാതേയും കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്ന് മറുപടി ലഭ്യമാകാതേയും കമ്മിറ്റി തീരുമാനമെടുത്തു. ചട്ടങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ട് തുടർനടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എച്ച്.എം.ജി.യു.പി.എസ് കോണത്തുകുന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ്.സി. വിദ്യാത്ഥികൾക്ക് സൈക്കിൾ പദ്ധതി - 7508 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എസ്.സി. വിദ്യാത്ഥികൾക്ക് സൈക്കിൾ

പ്രോജക്ട് നമ്പർ – S0128/17

ബിൽ നമ്പർ. 2 / 2016-17 തിയ്യതി. 31/01/2017

തുക – 164174/-

1.പ്രോജക്ട് പ്രകാരം ആകെ 43 സൈക്കിളുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ മൂന്ന് എണ്ണം (Cycle Hero Nitro Integra - വില ഒന്നിന് 3754/- രൂപ) വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നു.

2. താഴെ ചേർക്കുന്ന വിദ്യാത്ഥികൾക്ക് വിവിധ രേഖകളുടെ അഭാവത്തിൽ സൈക്കിൾ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | പേര് | റിമാർക്സ് |
|---|---|---|
| 1 | അമൽ സന്തോഷ്.എ.എസ്. | ജാതി സർട്ടിഫിക്കറ്റ് ഇല്ല |
| 2 | നന്ദന.കെ.എസ് | ജാതി, ക്ലാസ്സ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ല. |

കൃത്യമായ വിലയിരുത്തലുകൾക്ക് ശേഷമല്ല സൈക്കിളുകൾ വാങ്ങിയത് എന്നതിനാലാണ് അധികം വന്നത്. ഇവയാകട്ടെ സമയത്തിന് ഉപയോഗിക്കാതെ നശിക്കാനിടയുണ്ട് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. അവശ്യ രേഖകളുടെ അഭാവത്തിൽ നൽകിയ രണ്ട് സൈക്കിളുകളുടെ വില 7508രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ -1

## **3-2** എസ്.സി. വിദ്യാർത്ഥികൾക്ക് മേശ, കസേര - അഞ്ച് സെറ്റ് വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നു.

എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര

പ്രോജക്ട് നമ്പർ – s0129/17

ബിൽ നമ്പർ. 3 / 2016-17, തിയ്യതി. 31/03/2017

തുക – 389200/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – എച്ച്.എം., ജി.യു.പി.എസ്., കോണത്തുകുന്ന്

1.പ്രോജക്ട് പ്രകാരം ആകെ 139 മേശ, കസേര എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ 5 സെറ്റ് (മേശ, കസേര ഒരു സെറ്റിന് 3800 രൂപ) വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നു. വേണ്ടത്ര ജാഗ്രതയോടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാത്തതാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിന് കാരണം എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ഇവ നടപ്പുവർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി അർഹരായവർക്ക് കൈമാറേണ്ടതാണ്.

## **3-3** മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശ, കസേര നൽകിയത് - മത്സ്യത്തൊഴിലാളികളുടെ മക്കളാണെന്നുള്ളതിന് ഒരു രേഖയും ഹാജരാക്കിയിട്ടില്ല.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശ, കസേര

പ്രോജക്ട് നമ്പർ – s0134/17

ബിൽ നമ്പർ – 5/2016-17 തിയ്യതി 31/03/2017

തുക – 5600/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – എച്ച്.എം., ജി.യു.പി.എസ്., കോണത്തുകുന്ന്

1.പ്രോജക്ട് പ്രകാരം ആകെ 5600 രൂപ ചെലവിട്ട് ആകെ 2 സെറ്റ് മേശ, കസേര എന്നിവ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | റിമാർക്സ് | അനുവദിച്ച തുക |
|---|---|---|---|
| 1 | ബിനൽ ഷാജഹാൻ | മത്സ്യത്തൊഴിലാളികളുടെ മക്കളാണെന്നുള്ള രേഖ ഹാജരാക്കിയിട്ടില്ല. | ഒരു സെറ്റ് മേശ, കസേര– 2800/- രൂപ |
| 2 | ഗംഗാദേവി | മത്സ്യത്തൊഴിലാളികളുടെ മക്കളാണെന്നുള്ള രേഖ ഹാജരാക്കിയിട്ടില്ല. | ഒരു സെറ്റ് മേശ, കസേര– 2800/- രൂപ |
| | | ആകെ | 5600/- രൂപ |

രേഖകളുടെ അഭാവത്തിൽ 5600 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 അംഗൻവാടികൾക്ക് ഫർണീച്ചറും, കളിപ്പാട്ടങ്ങളും വാങ്ങി നൽകൽ - കരാർ പാലിക്കാത്ത സ്ഥാപനത്തിന് പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കാതെ മുഴുവൻ തുകയും നൽകി - പഞ്ചായത്തിന് 29040 രൂപ നഷ്ടം.

അംഗൻ വാടികൾക്ക് ഫർണീച്ചറും, കളിപ്പാട്ടങ്ങളും വാങ്ങൽ.

പ്രോജക്ട് നമ്പർ – so 82/17

ബിൽ നമ്പർ – AR1 / 2016-17 തിയ്യതി. 16/02/2017

തുക – 89100/-

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ SO 154/16 പദ്ധതി പ്രകാരം വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ 33 അംഗൻവാടികൾക്ക് സ്റ്റീൽ റാക്കുകൾ, കളി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 2,97,000/-രൂപ വകയിരുത്തിയതിൽ 1,76,550/- രൂപ ചെലവഴിച്ചിട്ടുണ്ട്. 14.7.15ന് ടെണ്ടർ ക്ഷണിച്ചതനുസരിച്ച് 29.7.15ന് ലഭ്യമായ ക്വട്ടേഷനുകൾ പരിശോധിച്ച് 15.9.15ലെ കമ്മിറ്റി 9-ാം നമ്പർ തീരുമാന പ്രകാരം മെട്രോ ഏജൻസീസ് കുന്നംകുളം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും 18.12.15 ന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം സപ്ലൈ ചെയ്യാമെന്നേറ്റതിൽ സ്റ്റീൽ റാക്കുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂവെന്നും മറ്റുള്ളവ വിതരണം ചെയ്യാൻ ഇവർ തയ്യാറല്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതിനെ തുടർന്ന് അടുത്ത ക്വട്ടേഷണറായ വീകോ ട്രേഡേഴ്സ് അരിമ്പൂരിൽ നിന്നും കളി ഉപകരണങ്ങൾ വാങ്ങുന്നതിന് 1.3.16 ലെ 12-ാം നമ്പർ തീരുമാന പ്രകാരം ഐ.സി.ഡി.എസ്. സൂപ്പർ വൈസറെ പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തുകയും കളി ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ ടി സ്ഥാപനത്തിന് ഡി.ഡി. നമ്പർ 719169 തിയതി 31.3.16 പ്രകാരം1,76,550/- രൂപ നൽകുകയും ചെയ്തു.

ലഭിച്ച ക്വട്ടേഷനുകളിൽ മേൽ രണ്ടു സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ നിരക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | മെട്രോ ഏജൻസീസ് | വീകോ ട്രേഡേഴ്സ് |
|---|---|---|

| | | |
|---|---|---|
| ട്രൈസൈക്കിൾ (ഡാഷ് മോഡൽ) | 970x33=32010 | 1100x33=36300 |
| റോക്കിംഗ് ഹോഴ്സ് (ഫൈബർ) | 2600x33=85800 | 2900x33=95700 |
| സീസോ (ഇൻഡോർ) | 900x33=29700 | 1350x33=44550 |
| ആകെ | 147510 | 176550 |

33 അംഗൻവാടികൾക്കായി മെട്രോ ഏജൻസീസ് രേഖപ്പെടുത്തിയ നിരക്കു പ്രകാരം കളി ഉപകരണങ്ങൾ ലഭ്യമാക്കിയിരുന്നുവെങ്കിൽ 1,47,510/- രൂപയേ ചെലവു വരുമായിരുന്നുള്ളു. എന്നാൽ ഈ ഉപകരണങ്ങൾ വീകോ ട്രേഡേഴ്സിൽ നിന്നും വാങ്ങേണ്ടി വന്നതിനാൽ (176550-147510) 29,040/- രൂപ അധികം ചെലവഴിക്കേണ്ടി വന്നു. മെട്രോ ഏജൻസീസിനു നൽകിയ 20/08/15ലെ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ കത്ത്, 01.0.2016 തിയ്യതിയിലെ 10-ാം നമ്പർ കമ്മിറ്റി തീരുമാനം എന്നിവ പ്രകാരം പഞ്ചായത്തിനുണ്ടായ അധിക നഷ്ടം മെട്രോ ഏജൻസീസിൽ നിന്നും ഈടാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിവരം 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും വ്യക്തമാക്കിയിട്ടുണ്ട്. വസ്തുതകൾ ഇതായിരിക്കെ തൻവർഷം ഒരു തുകയും കുറവു ചെയ്യാതെ മെട്രോ ഏജൻസീസിന് 33 സ്റ്റീൽ റാക്കുകളുടെ വിലയായി 89100 രൂപ നൽകിയതിന്റെ ഫലമായുണ്ടായ നഷ്ടം 29040 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 അനുപൂരക പോഷകാഹാര പദ്ധതിയിൽ സ്റ്റോക്കിലെടുക്കാത്ത 115 കിലോ വെളിച്ചെണ്ണയുടെ വില നൽകി - 13079 രൂപയുടെ നഷ്ടം.

അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി

പ്രോജക്ട് നമ്പർ – so 51/17

ബിൽ നമ്പർ. AF1 / 2016-17 തിയ്യതി 16/02/2017

തുക – 1044179/-

അംഗൻവാടി പോഷകാഹാര പദ്ധതിയിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും 115 കിലോ കേര വെളിച്ചെണ്ണ (വില 13079 രൂപ) ഇറക്കിയിട്ടുണ്ട്. എന്നാൽ ഇത്തരമൊരു ഐറ്റം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ, അംഗൻവാടികൾക്ക് വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് കൃത്യമായ മറുപടി ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഉത്തരവാദികളിൽ നിന്ന് തുക തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ -5)

## 3-6 മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അധിക തുക നൽകി

മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്

ബിൽ നമ്പർ – 51601373 / 2016-17 തിയ്യതി 21/03/2017

തുക – 700000/-

ചെക്ക് നമ്പർ -1922981 തി. 15.03.2017

തുക -100000

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ഈ പദ്ധതിയിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായതിലധികം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. അധിക തുക ആകെ 32886 രൂപ എന്ന് കണക്കാക്കിയിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -7

| ഭിന്നശേഷിക്കാർക്ക് അധിക തുക നൽകിയതിന്റെ പട്ടിക | | | | | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | പേര് | പഠിയ്ക്കുന്ന ക്ലാസ്സ് | ഭിന്നശേഷി സ്വഭാവം | അനുവദനീയ തുക | നൽകിയ തുക | അധിക തുക |
| 1 | രതിൻ. എം.ആർ | 10 | H/S | 8000 | 9351 | 1351 |
| 2 | അബ്ദുൾ അസീസ് വലിയകത്ത് | XII | HI | 8000 | 9351 | 1351 |
| 3 | മുഹ്സിന തസ്നീം | BSC | LI | 10600 | 11951 | 1351 |
| 4 | ഇസഹാക്ക്.ഇ.ബി | 10 | VI | 8000 | 9351 | 1351 |
| 5 | മുഹമ്മദ് ഇർഫാൻ | 10 | DD | 8000 | 9351 | 1351 |
| 6 | യാസിം.പി.എച്ച് | BFA | HS | 10600 | 10951 | 351 |
| 7 | ഫെമിന.കെ.എ | 10 | VI | 8000 | 9351 | 1351 |
| 8 | കാളിദാസ്.ഇ.ബി | 10 | LD | 8000 | 9351 | 1351 |
| 9 | അഥീര സെബാസ്റ്റ്യൻ | 5 | LD | 6000 | 6351 | 351 |
| 10 | മുഹമ്മദ് സാഹിബ് | 6 | HS | 6500 | 7351 | 851 |
| 11 | ഇസ്മയിൽ.ഇ.ബി | XII | VI | 8000 | 8551 | 551 |
| 12 | മുഹമ്മദ് സ്വാലിബ് | 3 | VI | 5300 | 6651 | 1351 |
| 13 | മുഹമ്മദ് ആദിൽ | 3 | LD | 5300 | 6651 | 1351 |
| 14 | അഞ്ജു.എം.എച്ച് | DC | VI | 9600 | 10951 | 1351 |
| 15 | ഗോഡ് വിൻ | UKG | LD | 5300 | 6651 | 1351 |
| 16 | അജ്മൽ ജമാൽ | 9 | HS | 8000 | 9351 | 1351 |
| 17 | ഫസലുദ്ദീൻ | 6 | LD | 6600 | 7951 | 1351 |
| 18 | മുഹമ്മദ് റോഷൻ | 7 | LD | 6600 | 7951 | 1351 |
| 19 | മറിയ ജോഷി | 10 | LD | 8000 | 9351 | 1351 |

| | | | | | | |
|---|---|---|---|---|---|---|
| 20 | ശ്രുതി മോഹൻ | VHSC | HS | 13500 | 14851 | 1351 |
| 21 | സരിത റഷീദ് | 9 | LD | 8000 | 9351 | 1351 |
| 22 | ഫൗസിയ വി.എ | XII | VI | 8000 | 9351 | 1351 |
| 23 | മന ഫാത്തിമ | PRE SCHOOL | H/S | 5300 | 6652 | 1352 |
| 24 | റിഷികേശ് | XII | HS | 8000 | 9352 | 1352 |
| 25 | നജ്മ നസീർ | XI | LD | 8000 | 8552 | 552 |
| 26 | ഗൗതം എ.വൈ | 8 | LD | 6600 | 7352 | 752 |
| 27 | അഷ്ന.കെ.എ | XI | HI | 8000 | 8552 | 552 |
| 28 | മഹനാസ്.കെ.എം | 1 | LD | 5200 | 6552 | 1352 |
| 29 | അക്ഷയ്ബാബു. | XI | LD | 8000 | 8552 | 552 |
| | | | | 223000 | 255886 | 32886 |

# 3-7 ഫെസ്റ്റിവെൽ അലവൻസ് ക്രമീകരിച്ചിട്ടില്ല.

ബാലൻസ് ഷീറ്റി (ഷെഡ്യൂൾ B 18)ൽ ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ 4000 രൂപ ക്രമീകരിക്കാതെ ബാക്കി നിൽക്കുന്നു. ആയത് ക്രമീകരിക്കുന്നതിന് നടപടി എടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -13

# 3-8 തെരുവു നായ്ക്കളുടെ പ്രജനനനിയന്ത്രണം - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല - ചെലവുനടപടി തടസ്സപ്പെടുത്തുന്നു.

തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണം

പ്രോജക്ട് നമ്പർ – S0 96/17

ചെക്ക് നമ്പർ 1743183 തിയ്യതി 15.03.2017 (തനതു ഫണ്ട്)

തുക -75000

തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി 75000 രൂപ തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കൈമാറി. എന്നാൽ ജില്ലാപഞ്ചായത്തിന്റെ രസീതി, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 75000 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ -2)

# 3-9 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.

പ്രോജക്ട് നമ്പർ – so 88/17

ബിൽ നമ്പർ – 01 / 2016-17 തിയ്യതി - 18/03/2017

തുക – 625000/-

ആകെ 50 ഗുണഭോക്താക്കൾക്ക് വിഹിതം എസ്.എൽ.ബി.പി.യിൽ അടച്ചിട്ടുണ്ട്. എന്നാൽ എസ്.എൽ.ബി.പി.യുടെ രസീതി ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾ കന്നുകുട്ടികൾക്ക് ഇൻഷുറൻസ് എടുത്തതിന്റെ ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 625000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ -2)

## 3-10 പോത്തുകുട്ടികളുടെ വില കൈമാറിയത് രണ്ടു പേർക്ക്. ചെലവിൽ അവ്യക്തത. 10086 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പട്ടിക വർഗ്ഗക്കാർക്ക് പോത്തുകുട്ടിയെ വാങ്ങാൻ ധനസഹായം

പ്രോജക്ട് നമ്പർ – so 171/17

ബിൽ നമ്പർ – 03/2016-17 തിയ്യതി 30/03/2017

തുക – 10086/-

ചെക്ക് നമ്പർ 1743186 തിയ്യതി 17.03.2017

തുക – 3500/-

ആകെ രണ്ടു ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ധനസഹായമായി ആകെ നൽകിയത് പദ്ധതി വിഹിതവും, തനതു ഫണ്ടും ചേർത്ത് 13586 രൂപയാണ്. ഗുണഭോക്തൃ വിഹിതം 6414 രൂപയാണ്. ആകെ 20000 രൂപ പോത്തുകുട്ടികളെ വിറ്റ വകയിൽ അനിത കൊല്ലങ്കണ്ണി എന്നയാൾക്ക് നൽകിയതായി അക്വിറ്റൻസ് വെച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതവും, തനതു വിഹിതം 3500/- രൂപയും ഉൾപ്പെടെ അനിതയ്ക്ക് നൽകി എന്നാണ് അക്വിറ്റൻസിൽ കാണിച്ചിരിക്കുന്നത്. എന്നാൽ പദ്ധതി വിഹിതം 10086 രൂപ കെ.ജെ.ജോയ് എന്നയാളുടെ IOB യിലുള്ള 022001000003920 എന്ന അക്കൗണ്ടിലേക്കാണ് മാറ്റിയിട്ടുള്ളത്. ഇതു സംബന്ധിച്ച എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. കൃത്യമായ മറുപടിയുടെ അഭാവത്തിൽ 10086 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ -2)

## 3-11 റോഡ് ആസ്തി രജിസ്റ്റർ ആധികാരികമല്ല

പഞ്ചായത്തിലെ നിലവിലെ റോഡ് ആസ്തി രജിസ്റ്റർ അശാസ്ത്രീയമായും നിരുത്തരവാദപരമായും തയ്യാറാക്കപ്പെട്ടതാണ്. ചില ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

1) പേജ് നം. 37, 38 പ്രകാരം ചമയനഗറിൽ ആരംഭിച്ച് പാടം എന്ന സ്ഥലത്ത് അവസാനിക്കുന്ന ലിങ്ക്

റോഡിന് 0. 250 കി. മീ. നീളമുള്ളതായി രേഖപ്പെടുത്തിയ മൂന്ന് എൻട്രികളും 0.400 കി. മീ. ആയി മറ്റൊരെൻട്രിയും കാണുന്നു. ഇവ ഒരേ റീച്ചിന്റെ ആവർത്തനങ്ങളാണോ വിവിധ റീച്ചുകളാണോ എന്ന് വ്യക്തമല്ല.

2) പേജ് നം. 56 പ്രകാരം ബ്ലോക്ക് റോഡു മുതൽ പാടം വരെയുള്ള ബ്ലോക്ക് റോഡിന്റെ 0.300കി.മീ., 0.500 കി.മീ. എന്നിങ്ങനെ നീളം രേഖപ്പെടുത്തിയ രണ്ട് എൻട്രികൾ കാണുന്നു.

3) പേജ് നം. 78 പ്രകാരം നം. 39 ആയി രേഖപ്പെടുത്തിയ എൻട്രിയിൽ കടലായി കല്ലുകാവ് റോഡ് കടലായി മുതൽ കടലായി വരെ എന്നാണ് കാണുന്നത്. നം. 40 എൻട്രിയിലാകട്ടെ റോഡിന്റെ പേരും തുടക്കവും ഒടുക്കവും കാലായി എന്നും കാണുന്നു.

ഇത്തരം അവ്യക്തതകളും പിശകുകളും 2003 ൽ നിലവിൽ വന്ന മേൽ രജിസ്റ്ററിൽ ധാരാളമായി കടന്നു കൂടിയിട്ടുണ്ട്. ടി രജിസ്റ്റർ ദീർഘകാലമായി ആധികാരിക രേഖയായി തുടരുന്ന അവസ്ഥ അഭികാമ്യമല്ല.

4.3.2017 ലെ ഭരണ സമിതി യോഗത്തിന്റെ 1 (2), 1 (3) നമ്പർ തീരുമാനങ്ങൾ പ്രകാരം പഞ്ചായത്ത് റോഡ് ആസ്തി രജിസ്റ്റർ കാലികമാക്കാൻ വേണ്ട നടപടികൾക്കായി അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തുകയും 11.7.17 ലെ 24 (2) നമ്പർ തീരുമാനപ്രകാരം ടി നടപടികൾ ത്വരിതപ്പെടുത്താൻ അസി.എഞ്ചിനീയറോട് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. ആയതിലേക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് അസി. എഞ്ചിനിയർ നൽകിയ തിയ്യതി വയ്ക്കാത്ത ഒരു കത്തും 9. 8. 17 ലെ ഒരു ഓർമ്മപ്പെടുത്തൽ കത്തും ഫയലിൽ ലഭ്യമാണ്.

റോഡ് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിലേക്ക് സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതും അശാസ്ത്രീയമായി തയ്യാറാക്കിയ ടി രജിസ്റ്റർ ദീർഘകാലമായി ആധികാരിക രേഖയായി തുടരുന്ന സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

മേൽ നിരീക്ഷണം സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(നം.17/31.10.17)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-12 റോഡ് മെയിന്റൻസ് ഗ്രാന്റ് - ഭൂവിസ്തൃതിക്കും റോഡ് സാന്ദ്രതയ്ക്കും ആനുപാതികമല്ല

പഞ്ചായത്തിന് കാലാകാലങ്ങളായി ലഭിച്ചു വരുന്ന റോഡ് മെയിന്റനൻസ് ഗ്രാന്റ് പഞ്ചായത്തിന്റെ ഭൂവിസ്തൃതി, റോഡുകളുടെ സാന്ദ്രത എന്നിവയ്ക്ക് ആനുപാതികമല്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പ്രകാരം കഴിഞ്ഞ അഞ്ചു സാമ്പത്തിക വർഷങ്ങളിൽ അനുവദിക്കപ്പെട്ട ടി ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2012-13 -- 1603180 /-

2013-14 -- 2088840 /-

2014-15 -- 2444381 /-

2015-16 -- 2598000 /-

2016-17 -- 2860884 /-

26.61 ച.കി.മീ. വിസ്തീർണ്ണമുള്ള വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ 66.70 കി.മീ. ടാർ റോഡും

3.125 കി. മീ. കോൺക്രീറ്റ് റോഡും 15.212 കി.മീ. കോൺക്രീറ്റ് നടപ്പാതയും 16.35 കി.മീ. മെറ്റൽ റോഡും 7.85 കി.മീ. മൺറോഡും 3.5 കി.മീ. നടപ്പാതയുമുണ്ട്. ഇതിലും കുറഞ്ഞ ഭ്രവിസ്തൃതിയും റോഡുകളുമുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിക്കാറുള്ള തുകയുടെ പകുതിയിൽ താഴെ മാത്രമാണ് റോഡു സംരക്ഷണത്തിനായി വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിനു ലഭിച്ചു വരുന്നത്. ആനുപാതികമായ ഗ്രാന്റ് വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിനോട് അപേക്ഷിക്കാൻ 4.3.2017 ലെ പഞ്ചായത്തു ഭരണസമിതിയോഗം തീരുമാനിക്കുകയും [തീരുമാനം 1(1)/4.3.17], 5.3.17ലെ എ2- 9459/ 17-ാം നമ്പർ കത്തു മുഖാന്തരം ടി അപേക്ഷ സർക്കാരിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ 17-18 വർഷത്തെ പുനഃക്രമീകരിച്ച ബഡ്ജറ്റ് വിഹിതത്തിലും മേൽപ്രശ്നം പരിഗണിക്കപ്പെട്ടിട്ടില്ല. വെള്ളാങ്ങല്ലൂർ ബ്ലോക്കിലെ നാലു പഞ്ചായത്തുകൾക്ക് 2017-18 വർഷത്തിൽ റോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിൽ വകയിരുത്തിയ തുകകൾ ചുവടെ ചേർക്കുന്നു.

പൂമംഗലം – 5605000
പുത്തൻചിറ --14218000
വെള്ളാങ്ങല്ലൂർ -- 3528000
വേളൂക്കര --17158000

വിസ്തൃതിയിലും റോഡ് സാന്ദ്രതയിലും ബ്ലോക്കിലെ മറ്റ് മൂന്നു പഞ്ചായത്തുകളെ അപേക്ഷിച്ച് മുന്നിൽ നിൽക്കുന്ന ഗ്രാമ പഞ്ചായത്താണ് വെള്ളാങ്ങല്ലൂർ എന്നിരിക്കെ (ഉദാ: 10 ച.കി.മീ. വിസ്തൃതിയും 50 കി.മീ. റോഡും മാത്രമുള്ള പൂമംഗലം ഗ്രാമ പഞ്ചായത്തിന് 21 ലക്ഷം രൂപ അധികം അലോക്കേഷനുണ്ട്) മേൽ അലോക്കേഷൻ പ്രകാരമുള്ള ഗ്രാന്റിലെ ഗണ്യമായ കുറവ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ വിഭാഗത്തിന്റെയും അടിയന്തിര ശ്രദ്ധയ്ക്ക് വിഷയമാവേണ്ടതാണ്.

കാലാകാലങ്ങളായി തുടരുന്ന ഈ അനുപാതമില്ലായ്മ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ മുൻപും പഞ്ചായത്ത് ഭരണസമിതി ശ്രമിച്ചിട്ടുണ്ട്. 2014 ഡിസംബർ 22 ന് കൂടിയ ഭരണസമിതി യോഗത്തിലും ന്യായമായ മെയിന്റനൻസ് ഗ്രാന്റ് വർദ്ധനവിനായി ഗവൺമെന്റിനെ സമീപിക്കാൻ തീരുമാനമെടുത്തിരുന്നു (നം. 5/ 22. 12. 14). ആയതിന്റെ തുടർനടപടികൾ ലഭ്യമല്ല. ടി നടപടികളും ഇതു സംബന്ധിച്ച മറ്റ് മുൻകാല നടപടികളുണ്ടെങ്കിൽ അവയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണവകുപ്പുതലത്തിൽ അടിയന്തിര തുടർനടപടികൾക്കായി പഞ്ചായത്ത് ഭരണസമിതി മുൻകയ്യെടുക്കേണ്ടതുമാണ്.

## 3-13 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ധനവിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് തുടങ്ങിയവയുടെ അഭാവത്തിൽ വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുക ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി നം/പദ്ധതിയുടെ പേര് | കൈമാറിയ തുക/ബിൽ നമ്പർ | സ്ഥാപനം |
|---|---|---|
| 126/17 തെരുവു വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 602314/ 38/30.03.17<br>957291/ 39/30.03.17 | കെ.എസ്.ഇ.ബി., വെള്ളാങ്കല്ലൂർ |

| | | |
|---|---|---|
| 95/17<br>ഐ.കെ.എം. | 21601301/9.3.17<br>68418<br>(A/c Transfer) | ഐ.കെ.എം.<br>തിരുവനന്തപുരം |

(ഓഡിറ്റ് അന്വേഷണം നം.16/31.10.17)

## 3-14 മരാമത്ത് പ്രവൃത്തികളിലെ ആലസ്യം ഒഴിവാക്കേണ്ടതാണ്.

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം ആകെ ആസൂത്രണം ചെയ്ത 35 മരാമത്തു പ്രവൃത്തികളിൽ 13 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. 15 റോഡുപണികളിൽ 5 എണ്ണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. വിവിധ ഗ്രാന്റുകളും വിഹിതങ്ങളുമായി തൻവർഷം ആകെ വകയിരുത്തിയ 16179578/- രൂപയിൽ 5381379/ രൂപയാണ് ചെലവഴിച്ചത്. അതായത് വകയിരുത്തിയതിന്റെ 33.26% മാത്രം. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 8.68% വും ധനകാര്യ കമ്മീഷൻ വിഹിതത്തിന്റെ 50% വും ലോകബാങ്ക് ധനസഹായത്തിന്റെ 44.32% വും തനതു ഫണ്ടിന്റെ 27% വും റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ 22.57% വും റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ 44% വുമാണ് ചെലവ്.

അടിസ്ഥാന ചുമതലകളിലൊന്നായ റോഡു സംരക്ഷണം ഉൾപ്പെടെയുള്ള മരാമത്തു പണികൾ തൻവർഷം ഇത്രയേറെ മന്ദീഭവിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ(നം.7/30.10.17)ത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ വിശദീകരണത്തിൽ പദ്ധതി രൂപീകരണം, സമിതി അംഗീകാരം എന്നിവ പതിവിലും വൈകിയതിനാലും പുതുതായി നിലവിൽ വന്ന MORD Specification പ്രകാരമുള്ള SSI ഇമൽഷൻ ലഭ്യമല്ലാതെ വന്നതിനാലുമാണ് പ്രവൃത്തികൾ സമയബന്ധിതമായി നടക്കാത്തതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽ പ്രകാരമുള്ള അമാന്തം വരാതിരിക്കുവാൻ പഞ്ചായത്ത് അധികൃതരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-15 പട്ടികജാതിക്കാർക്ക് വിദേശത്തു പോകാൻ ധനസഹായം -തൊഴിൽ വിസയുടെ സാധുത ഉറപ്പു വരുത്തേണ്ടതാണ്.

പദ്ധതി നം. 101/17

പട്ടികജാതിക്കാർക്ക് വിദേശത്തേക്ക് പോകുന്നതിന് വിസക്കും, ടിക്കറ്റിനും ധനസഹായം.

എസ്.സി.പി. ഫണ്ട് അടങ്കൽ 250000 രൂപ

ചെലവ് – 250000 രൂപ

ട്രഷറി ബിൽ നം. 28/15.03.17

ട്രഷറി ബിൽ നം. 30/23.03.17

ട്രഷറി ബിൽ നം. 12/22.02.17

പട്ടികജാതി വിഭാഗത്തിന് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് 50,000/- രൂപ ധനസഹായം നൽകാവുന്നതാണ്. (ജി.ഒ.(എം.എസ്) 4/16 തസ്വഭവ 11.01.2016) മേൽ പദ്ധതി പ്രകാരം ധനസഹായം കൈപറ്റിയ 5 പേരിൽ താഴെ

പറയുന്ന 2 പേരുടെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ വിസാരേഖകൾ തൃപ്തികരമല്ല.

1. സനീഷ്, പുന്നംപറമ്പിൽ - UAEയുടെ Long TermVisit Single Entry Tourist വിസയാണ് ലഭ്യമാക്കിയിരിക്കുന്നത്.

2. സജിത്ത് വാസു, പൂവത്തറ - KSA(സൗദി അറേബ്യ)യുടെ വിസിറ്റ് വിസയാണ് ഹാജരാക്കിയിരിക്കുന്നത്. മേൽപ്പറഞ്ഞവർക്ക് തൊഴിൽ വിസയുടെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകിയതെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കി വിശദീകരണം നൽകേണ്ടതാണ്.

# 3-16 സ്ട്രീറ്റ് ലൈറ്റ് , വാട്ടർ ചാർജ്ജ് അടവാക്കൽ - സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2016 – 17 വാർഷിക കണക്കുകൾ പ്രകാരം സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജിനത്തിൽ 735999 രൂപയും സ്ട്രീറ്റ് വാട്ടർ ടാപ്പ് ചാർജ്ജിനത്തിൽ 2131500 രൂപയും ചെലവു കാണുന്നു. പഞ്ചായത്ത് പരിധിയിലെ സ്ട്രീറ്റ് ലൈറ്റ്, വാട്ടർ ടാപ്പുകൾ എന്നിവ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം. 14/3.10.17) മറുപടിയിൽ ആയത് നടത്തിയിട്ടില്ല എന്നറിയിച്ചു. സംയുക്ത പരിശോധന നടത്തി ഉപഭോഗത്തിനനുസൃതമായാണ് മേൽപ്പറഞ്ഞ ചാർജ്ജുകൾ അടവാക്കുന്നതെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-17 ജലനിധി പദ്ധതി - അവലോകനം

ജനകീയ പങ്കാളിത്തത്തോടെ എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനും ഗ്രാമീണ ശുചിത്വമേഖലയുടെ വികസനവും ലക്ഷ്യമാക്കി, കേരളസർക്കാർ ജലവകുപ്പിനു കീഴിൽ ലോകബാങ്കിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമായ KRWSAയും, വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തും ഗുണഭോക്തൃസമിതിയും സംയുക്ത സഹകരണത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതി (രണ്ടാംഘട്ടം) - 2013-14 ൽ ആരംഭിച്ചു. പഞ്ചായത്ത് തലത്തിൽ രൂപവത്ക്കരിച്ചിട്ടുള്ള ജലനിധി ജലവിതരണ സ്കീം ലെവൽ കമ്മിറ്റിക്കാണ് പദ്ധതിയുടെ നിർവ്വഹണ മേൽനോട്ട ചുമതല. ജലനിധി എസ്.എൽ.ഇ.സി. കമ്മിറ്റിയും പഞ്ചായത്തുമായുള്ള കരാർ പ്രകാരം (നം. 8/14-15 തിയ്യതി 14.11.14) രണ്ടാംഘട്ട പദ്ധതിക്ക് 7.76 (7,76,47,948 രൂപ) കോടി രൂപയാണ് നിർവ്വഹണ ചെലവായി കണക്കാക്കിയിരിക്കുന്നത്. മേൽ തുകയുടെ 75% സംസ്ഥാന സർക്കാരും 15% ഗ്രാമപഞ്ചായത്തും 10% ഗുണഭോക്തൃ വിഹിതവുമാണ്.

ടി പദ്ധതിക്കായി പഞ്ചായത്ത് കൈമാറിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്റ്റ് നം | തുക |
|---|---|---|
| 2013-14 | 72/14 | 10,00,000 |
| 2014-15 | 17/15 | 18,98,596 |
| 2015-16 | 8/16 | 56,25,000 |
| 2016-17 | 73/17 | 34,19,822 |

| | | |
|---|---|---|
| | ആകെ | 1,19,43,418 |

ഈ തുക കരാർ തുകയുടെ 15.38% വരുന്നതിനാൽ തുക അധികം നൽകി എന്ന് പഞ്ചായത്തിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അധികം നൽകിയ തുക 3,33,418 രൂപ കുറച്ചാണ് ജലനിധിക്കുള്ള അടുത്ത വിഹിതം കൈമാറിയതെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചു. (നം. 2/27.10.17). എന്നാൽ പദ്ധതിയുടെ മേഖലാ നിർവ്വഹണ ഏജൻസിയായ ആർ.പി.എം.യു. മലപ്പുറത്തിൽ നിന്നും ലഭിക്കുന്ന നടപടിക്രമങ്ങളിൽ മേൽതുക കുറവു വരുത്തിയത് സംബന്ധിച്ച മാറ്റം വരുത്തി നൽകിയിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചു. കൂടാതെ 2015 മുതൽ ആർ.പി.എം.യു. മലപ്പുറത്തിൽ നിന്നും ലഭിക്കുന്ന നടപടിക്രമങ്ങളിൽ സർക്കാർ നികുതികൾ അടവാക്കുന്നതിനായി നൽകുന്ന തുകകളിലും മറ്റും നിരന്തരം തെറ്റ് കടന്നുകൂടുന്നത് പഞ്ചായത്ത് കത്തു മുഖേന അറിയിച്ചെങ്കിലും നാളിതുവരെയും നടപടിക്രമങ്ങൾ സാധൂകരിച്ച് നൽകിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്ത് ആർ.പി.എം.യു വിന്റെ നടപടിക്രമ പ്രകാരം ലഭിക്കുന്ന തുകകൾ പ്രസിഡണ്ട്/സെക്രട്ടറി എസ്.എൽ.ഇ.സി. ജലനിധിക്ക് കൈമാറുന്ന ഒരു ഏജൻസി മാത്രമായി ചുരുങ്ങിയെന്ന പരിമിതി ഈ പദ്ധതിയിൽ നിലനിൽക്കുന്നുവെന്നും സെക്രട്ടറി വിശദീകരിച്ചു.

ജലനിധി പദ്ധതിക്ക് പഞ്ചായത്ത് കൈമാറിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം നാളിതുവരെയും ലഭ്യമായിട്ടില്ല. മേൽവസ്തുതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>നാളിതുവരെയുള്ള നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ</u>

പദ്ധതിയുടെ പ്രവൃത്തികൾ സൗത്ത് നോർത്ത് എന്നിങ്ങനെ രണ്ടു സോണുകളായി തിരിച്ചുകൊടുത്തിരിക്കുന്നു. സൗത്തിന്റെ 77.9ശതമാനവും നോർത്തിന്റെ 88.9% വും പ്രവൃത്തികൾ പൂർത്തിയായതായി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 7.45 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള മെയിൻ ടാങ്ക് കോണത്തുകുന്നിൽ സ്ഥാപിച്ചു. 2595 വാട്ടർ അതോറിറ്റി കണക്ഷനുകളും 4620 പുതിയ കണക്ഷനുകൾ നൽകിയതും അടക്കം ആകെ 7215 കണക്ഷനുകൾ ഇതുവരെ നൽകി. 2017 മാർച്ച് 9 മുതൽ ലൈൻ ചാർജ് ചെയ്ത് ജലവിതരണം ആരംഭിച്ചു. 2017 നവംബറിൽ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നതായി മറുപടിയിൽ പറയുന്നു. പദ്ധതിയുടെ തുടർപരിപാലനം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായും എസ്.എൽ.ഇ.സി. യുമായും പഞ്ചായത്ത് കരാറിൽ ഏർപ്പെടുത്തേണ്ടതുണ്ട്. തുടർച്ചയായ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തി സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കുകൾ അധികരിക്കാതെ ജലവിതരണം കാര്യക്ഷമമായി നടക്കുന്നു എന്നുറപ്പുവരുത്തുന്നതിനാവശ്യമായ വ്യവസ്ഥകൾ / നിയമാവലി കരാറിൽ ഉൾപ്പെടുത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെയും സ്കീം ലെവൽ കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 <u>സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 450000 | സമഗ്ര നെൽകൃഷി വികസനം 32/17 | 450000 | 0 |
| തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 2016-17 | 314770 | സമഗ്ര നെൽകൃഷി വികസനം | - | 314770 |
| വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 216000 | ജൈവ പച്ചക്കറി കൃഷി 85/17 | 216000 | 0 |
| വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 297000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 89/17 | 297000 | 0 |
| വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 171217 | അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാര പരിപാടി 51/17 | 171217 | 0 |
| വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 2016-17 | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 250000 |
| വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 912500 | ബക്കറ്റ് കമ്പോസ്റ്റ് | 195000 | 717500 |
| വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 202500 | ആട് ഗ്രാമം പദ്ധതി എസ്.സി. വനിത | 202500 | 0 |
| | | 2349217 | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | ചെക്ക് നം. | തുക | | തുക |
|---|---|---|---|---|---|
| അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വെള്ളാങ്ങല്ലൂർ | 126/17 തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | | 1559605 | - | 1559605 |
| | 176/17 സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ദുർബല വിഭാഗത്തിന് ധനസഹായം നൽകൽ | | 50000 | 50000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം./ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാധാ.)നം.53564/ DBI/08 ത.സ്വ.ഭവ തീയ്യതി 25.08.2011 | 9575000 | 41,47,600 | 3545650 | ഇല്ല | 601950 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം. /തിയതി |
|---|---|---|---|---|
| 2014-15 | 2.2 | 2500+ 38 | Manager, PCK | Rt.No.11604103910 dt.01.11.2016 |
| 2014-15 | 2.2 | 2500+38 | Manager, Kamala Hall | Rt.No.11604104045 dt.08.11.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 81338865 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 73483934 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 75005 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2351217 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 1700 | - | എം.പി. സന്തോഷ് കുമാർ, സെക്രട്ടറി |
| 3-4 | | 29040 | ലളിത കെ.കെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-5 | | 13079 | ലളിത കെ.കെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-6 | | 32886 | ലളിത കെ.കെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7508 | വൃന്ദ. പി., ഹെഡ്മിസ്ട്രസ് |
| 3-3 | 5600 | വൃന്ദ. പി. ഹെഡ്മിസ്ട്രസ് |
| 3-8 | 75000 | ഡോ. വി.ബി. അജിതൻ, സീനിയർ വെറ്ററിനറി സർജൻ |
| 3-9 | 625000 | ,, |
| 3-10 | 10086 | ,, |
| 3-13 | 1628023 | സുധാകരൻ. സി., സെക്രട്ടറി |

| | | |
|---|---|---|
| | 2351217 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലളിത കെ.കെ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | പയ്യാരപ്പറമ്പിൽ ഹൗസ്, വെസ്റ്റ് കോമ്പാറ, ഇരിങ്ങാലക്കുട – 680121 |
| എം.പി. സന്തോഷ് കുമാർ | സീനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ | മേനോത്ത് പറമ്പിൽ ഹൗസ്, കൈപ്പമംഗലം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96, 1996-97, 97-98 | എൽ.എഫ്.ടി.9-1555/98 തീയതി 16.4.99/7.7.99 |
| 98-99 | എൽ.എഫ്.ടി.9- 313/00 തീയതി 24.4.00/17.5.00 |
| 99-00 | എൽ.എഫ്.ടി.9-293/01 തീയതി 27.4.01 |
| 2000-01 | എൽ.എഫ്.ടി.9- 1608/01 തീയതി 24.8.02/14.11.12 |
| 2001-02 | എൽ.എഫ്.ടി.9- 2119/05 തീയതി 4.2.06/14.11.06 |
| 2002-03 | എൽ.എഫ്.ടി.21- 2438/07 തീയതി 2.8.08/16.10.08 |

| | |
|---|---|
| 2003-04 | എൽ.എഫ്.ടി.2439/07 തീയതി 2.8.08 |
| 2004-05 | എൽ.എഫ്.ടി.21- 2440/07<br>തീയതി 2.8.08 |
| 2005-06 | എൽ.എഫ്.ടി.21-809/09<br>തീയതി 16.3.10/15.5.10 |
| 2006-07 | എൽ.എഫ്.ടി.21-809/09<br>തീയതി 16.3.10 /13.5.10 |
| 2007-08<br>2010-11 | എൽ.എഫ്.ടി.(ബി.പി) 2267/12<br>തീയതി 5.2.13/15.6.13 |
| 2011-12 | എൽ.എഫ്.ടി.(ബി.പി) 1584/2013/<br>തീയതി.9.14/13.3.14 |
| 2012-13 | എൽ.എഫ്.ടി.(ബി.പി) 1023/2014<br>തീയതി 10.10.14/24.11.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി.2)<br>1734/15തീയതി 8.12.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി1/1004/16<br>തീയതി 22.06.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി3/2050/16<br>തീയതി 30.01.2017 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ./പി1/1697/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ-20

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി: 27.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

No.KSA.TSR(P1)1697/17

Kerala State Audit Department

District Audit Office, Thrissur-20

Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in

Date: 27.11.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vellangalur Grama Panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vellangalur Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office, Thrissur